**09.10.2023**

# <u>KGBEU OU ബുള്ളറ്റിൻ 133/2023</u>

സഖാക്കളെ,

## വിഷയം : താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ
## വിഷയം : ലേബർ കമ്മീഷണർ യോഗം വിളിച്ചു ചേർത്തു

താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ വിഷയത്തിൽ ലേബർ കമ്മീഷണർ ഡോ: കെ വാസുകി IAS, യൂണിയൻ പ്രതിനിധികളുടെയും മാനേജ്മെന്റിന്റെയും യോഗം വിളിച്ചു ചേർത്തു. OATD തസ്തികയിൽ വേക്കൻസി പ്രഖ്യാപിക്കാത്തതുൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ചയ്ക്ക് വന്നു. മന്ത്രിമാരുടെ സാന്നിധ്യത്തിൽ ഒരുതവണ ജീവനക്കാർക്ക് അനുകൂലമായി ഒപ്പിട്ടതിൽ നിന്ന് മാനേജ്മെന്റ് പിന്നോക്കം പോയതിന്റെ കാരണം എന്താണെന്ന് കമ്മീഷണർ ആരാഞ്ഞു. ബോർഡ് അനുകൂലമായല്ല നിൽക്കുന്നത് എന്നാണ് മാനേജ്മെന്റ് ഭാഷ്യം. എന്നാൽ കേന്ദ്രസർക്കാർ തീരുമാനിച്ച് നബാർഡ് അംഗീകരിച്ച് മുഴുവൻ ഗ്രാമീണ ബാങ്കുകളും adopt ചെയ്ത പോളിസിയിൽ നിന്ന് പിന്നോക്കം പോയി OATD തസ്തികയിൽ വേക്കൻസി പ്രഖ്യാപിക്കില്ല എന്ന തീരുമാനം എടുക്കാൻ ഒരുകാരണവശാലും സാധിക്കില്ല എന്ന് സംഘടന പ്രതികരിച്ചു. അടുത്ത നാളുകളിൽ വിവിധ കോടതികളിൽ നിന്ന് നമ്മുടെ ഡിമാന്റിന് അനുകൂലമായി വന്ന കോടതിവിധികളും നാം ലേബർ കമ്മീഷണറെ ധരിപ്പിച്ചു. അതീവ പ്രാധാന്യമുള്ള വിഷയം ആയതിനാൽ മന്ത്രിമാരുടെ സാനിധ്യത്തിൽ ഉടൻ തന്നെ യോഗം ചേർന്ന് അടുത്ത ചർച്ച നടത്താമെന്ന ധാരണയിൽ യോഗം അവസാനിച്ചു. തീരുമാനം എടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥർ ബാങ്ക് മാനേജ് മെന്റ് പ്ര തിനിധികളായി വരണം എന്ന നിർദേശവും ലേബർ കമ്മീഷണറുടെ ഓഫീസിൽ നിന്നും ഉണ്ടായി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)